റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ ഡ്രൈവർമാർ

200 (3129)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പുനരധിവാസ വകുപ്പിന്റെ കീഴിൽ പുനലൂരിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ എത്ര ഡ്രൈവർമാർ ഉണ്ട്;

(ബി) ഇവരിൽ എത്രപേർ സ്ഥിരമായിട്ടുള്ളവരും എത്രപേർ ദിവസക്കൂലി അടിസ്ഥാനത്തിലുള്ളവരുമാണെന്ന് വ്യക്തമാക്കുമോ;

(സി) ദിവസക്കൂലിക്കാർ എത്രനാളായി ജോലി ചെയ്തുവരുന്നു;

(ഡി) ദിവസക്കൂലിക്കാരുടെ തസ്തികകൾ പി.എസ്.സി.യ്ക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കോ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(ഇ) പ്രസ്തത വേക്കൻസികളിൽ പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 25

(ബി) 16 പേർ സ്ഥിരമായിട്ടുള്ളവരും 9 പേർ ദിവസക്കൂലി അടിസ്ഥാനത്തിലുള്ളവരുമാണ്.

(സി) 1993 മെയ് മാസം മുതൽ പലപ്പോഴായി ജോലിചെയ്തു വരുന്നു.

(ഡി) ഇല്ല.

(ഇ) കമ്പനിയിലെ നിയമനങ്ങൾ ഇതുവരെ പി.എസ്.സി.ക്ക് വിട്ടിട്ടില്ല. കമ്പനിയിൽ സ്ഥിരമായി 18 ഡ്രൈവർമാരെ മാത്രം ആവശ്യമുള്ളതിനാലും അതിൽ 16 എണ്ണത്തിലും സ്ഥിരമായി നിയമനം നടത്തിയിട്ടുള്ളതിനാലും ഒഴിവുള്ള രണ്ടു സ്ഥാനങ്ങളിലേക്ക് നിയമനത്തിനായി റിപ്പാർട്രിയേറ്റ് വർക്കേഴ്സിൽ നിന്നുള്ള അർഹരായവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാലും മേപ്പടി രണ്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ടു ചെയ്തിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അഭിനന്ദനം

മലയാള സിനിമയ്ക്ക് ദേശീയ പുരസ്ക്കാരം ലഭിച്ചത് സംബന്ധിച്ച്

[9.30 AM] **മി. സ്പീക്കർ** : സർ, മലയാള സിനിമയ്ക്ക് ദേശീയ തലത്തിൽ എക്കാലവും എറ്റവും ശ്രദ്ധേയമായ സ്ഥാനമുണ്ട് എന്നത് നമുക്ക് അഭിമാനിക്കാൻ കഴിയുന്ന സംഗതിയാണ്. എന്നാൽ ഇപ്പോൾ നേടിയ ദേശീയ പുരസ്ക്കാരങ്ങൾ ഏറ്റവും ശ്രദ്ധേയമാണെന്നത് മാത്രമല്ല എറ്റവും തിളക്കമാർന്നതുകൂടിയാണ്. ഏറ്റവും നല്ല നടൻ, ഏറ്റവും നല്ല സംവിധായകൻ ഉൾപ്പെടെ പതിമൂന്നിലധികം പുരസ്ക്കാരങ്ങൾ മലയാള സിനിമ നേടുകയുണ്ടായി. ഏറ്റവും നല്ല നടനായി മൂന്നാമതും തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ അഭിമാനഭാജനമായ ശ്രീ.ഭരത് മമ്മൂട്ടി, മികച്ച സംവിധായകനുള്ള അവാർഡ് നേടിയ ശ്രീ.രാജീവ് നാഥ് തുടങ്ങി അവാർഡുകൾ കരസ്ഥമാക്കിയ എല്ലാ മികവുറ്റ പ്രതിഭകളും അവർക്ക് പിന്നിൽ പ്രവർത്തിച്ച എണ്ണമറ്റ കലാ പ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

കരും ആത്മാർഥമായ പ്രശംസയർഹിക്കുന്നു. ദേശീയ പുരസ്ക്കാരങ്ങൾ കരസ്ഥമാക്കിയ എല്ലാ കലാകാരൻമാരെയും പ്രതിഭകളെയും അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

III. അടിയന്തിരപ്രമേയം

തിരുവനന്തപുരം സബ് ജയിലിനുമുമ്പിൽ ബോംബുസ്ഫോടനം മൂലം വിചാരണ തടവുകാരൻ കൊല്ലപ്പെട്ട സംഭവം.

മി. സ്പീക്കർ : 1999 ജൂലൈ 16-ാം തീയതി വെള്ളിയാഴ്ച കോടതിയിൽ ഹാജരാക്കിയതിനുശേഷം സബ്ജയിലിലേക്ക് കൊണ്ടുപോയ വിചാരണ തടവുകാരനായ കബീർ തിരുവനന്തപുരം സബ്ജയിൽ കവാടത്തിനു മുമ്പിൽവച്ച് ബോംബേറുമൂലം കൊല്ലപ്പെടുകയും ഒരു സഹതടവുകാരനും രണ്ടു പോലീസ് കോൺസ്റ്റബിൾമാർക്കും പരിക്ക് പറ്റുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം കണക്കിലെടുത്ത് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ബി. വിജയകുമാർ, ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ചു ചെയറിനു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, തിരുവനന്തപുരം സബ്ജയിലിൽ വിവിധ കേസുകളിൽ വിചാരണ തടവുകാരായി കഴിഞ്ഞിരുന്ന കബീർ, ബിനിൽ എന്നിവരെ വിചാരണയ്ക്കായി ആറ്റിങ്ങൽ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻപാകെ ഹാജരാക്കുന്നതിന് 16-7-99-ന് രാവിലെ കൊണ്ടുപോയി. രണ്ടു പോലീസുകാരുടെ മേൽനോട്ടത്തിൽ തടവുകാരെ കോടതിയിൽ ഹാജരാക്കിയതിനുശേഷം തിരികെ തമ്പാനൂരിൽ ബസ്സിൽ വന്നിറങ്ങുകയും അവിടെ നിന്ന് ഒരു ഓട്ടോറിക്ഷയിൽ പ്രതികളെ കയറ്റി അട്ടക്കുളങ്ങര സബ്ജയിലിനുമുൻപിൽ വന്നിറങ്ങുകയും ചെയ്തു. തുടർന്ന് പ്രതികളെ സബ്ജയിലിലേക്ക് നടത്തിക്കൊണ്ടുപോകവേ തടവുകാരിൽ ഒരാളായ കബീറിന്റെ തലയിൽ പുറകിൽനിന്ന് ആരോ എറിഞ്ഞ സ്ഫോടകവസ്തു പൊട്ടിത്തെറിച്ച് കബീർ തൽക്ഷണം മരണപ്പെട്ടു. കബീറിനോടൊപ്പം ഉണ്ടായിരുന്ന തടവുകാരൻ ബിനിലിന് എസ്കോർട്ട് ചെയ്ത പോലീസുകാരായ ഭാസ്ക്കരൻ നായർ, വേണു എന്നിവർക്കും വഴിയാത്രക്കാരനായ ഒരാൾക്കും പരിക്കുപറ്റി. ഇക്കാര്യത്തിനു സബ്ജയിൽ ഹെഡ് വാർഡന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമം 302,307, 324,34 എന്നീ വകുപ്പുകൾ പ്രകാരം 1908-ലെ The explosive substances Act പ്രകാരം ക്രൈം 223/99-ാം നമ്പരായി ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. തുടർന്ന് പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം കബീറിന്റെ മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം ചെയ്തു, പരിശോധന നടത്തിയശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെ സിറ്റിയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ അഞ്ചോളം പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ അടങ്ങിയ ഒരു പ്രത്യേക പോലീസ് ടീമിനെ നിയോഗിച്ചു അക്രമികളെ കണ്ടെത്തുന്നതിന് വ്യാപകമായ അന്വേഷണം ആരംഭിച്ചു. അതേത്തുടർന്ന് പ്രതികളിൽപ്പെട്ട വള്ളക്കടവ് സ്വദേശികളായ ഷാനവാസ്, സുജാസ്, വലിയതുറ സ്വദേശി ലാൽഖാൻ എന്നിവരെ 18-7-99-ന് അറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly